# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> <u>20.03.2012-ൽ</u>
<u>ചോദ്യം നമ്പർ - 1262</u> <u>മറുപടിയ്ക്ക്</u>

## <u>ആലപ്പുഴയിലെ തീരദേശറോഡ് നിർമ്മാണം</u>

| <u>ചോദ്യം</u><br>ശ്രീ. ജി. സുധാകരൻ | <u>ഉത്തരം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ തീരദേശ റോഡിന്റെ നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടപൊഴി മുതൽ മത്സ്യഗന്ധി വരെയുള്ള തീരദേശ റോഡിന്റെ നിർമ്മാണത്തിനുള്ള 380.40 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 29.8.2011 -ൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ഈ വർഷം അനുവദിച്ച ഫണ്ട് തീർന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക്, ബഡ്ജററ് വിഹിതം സഹിതം അടുത്ത സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) റോഡ് നിർമ്മാണത്തിന്റെ സ്ഥലം എടുപ്പ് പൂർത്തിയായോ ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ; | (ബി) പായൽക്കുളങ്ങര മുതൽ തോട്ടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള നടപടികൾ ജില്ലാ-കളക്ടർ സ്വീകരിച്ചുവരുന്നു. |
| (സി) എന്നാണ് റോഡ് നിർമ്മാണം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ അടങ്കൽ തുക എത്രയാണ് ;<br><br>(ഡി) റോഡ് നിർമ്മാണം എന്ന് പൂർത്തി-യാക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) ഈ റോഡിന്റെ നിർമ്മാണത്തിന് 14.7.2009 -ൽ 689 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഭാഗത്തെ റോഡു പണികൾ പൂർത്തീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ